©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 30<br>30th March 2021<br>1196 മീനം 16<br>16th Meenam 1196<br>1943 ചൈത്രം 9<br>9th Chaithra 1943 | നമ്പർ<br>No. | 13 |

## PART III

## Notifications by Heads of Departments

# Commissionerate of Land Revenue

(4)

നമ്പർ എ3-10469/2020. 2020 നവംബർ 30.

കാർത്തികപ്പള്ളി താലൂക്കിൽ കരുവാറ്റ വില്ലേജിൽ ടി വടക്ക് മുറിയിൽ മണലേൽ വീട്ടിൽ കാർത്ത്യായനിയമ്മ, ജെ. ടിയാളുടെ ഭർത്താവ് ആർ. ഗോപാലകൃഷ്ണൻ നായർ മരണപ്പെട്ടുപോയെന്നും വിവിധ ആവശ്യങ്ങൾക്ക് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ബോധിപ്പിച്ച അപേക്ഷയിന്മേൽ കരുവാറ്റ വില്ലേജാഫീസർ മുഖേന അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ ടിയിൽ ആർ. ഗോപാലകൃഷ്ണൻ നായർ 15-10-2020-ൽ മരണപ്പെട്ടുപോയി എന്നും ഹിന്ദു പിൻതുടർച്ചാവകാശ നിയമ പ്രകാരം പരേതന് താഴെ പറയുന്നവരാണ് അവകാശികളായിട്ടുള്ളതെന്നും അറിവായിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജെ. കാർത്ത്യായനിയമ്മ | ഭാര്യ | 80 |
| 2 | ജി. ഹരികുമാർ | മകൻ | 55 |
| 3 | ജി. ലതാകുമാരി | മകൾ | 52 |
| 4 | ശ്രീകുമാർ, ജി. | മകൻ | 49 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

ആകയാൽ ടിയിൽ പരേതനായ ആർ. ഗോപാലകൃഷ്ണൻ നായരുടെ നിയമാനുസൃത അവകാശികൾ മേൽപ്പറഞ്ഞ 4 പേർ മാത്രമാണെന്ന് കാണിച്ച് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കാർത്തികപ്പള്ളി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(5)

നമ്പർ എ3-10593/2020. 2020 നവംബർ 30.

കാർത്തികപ്പള്ളി താലൂക്കിൽ ഹരിപ്പാട് വില്ലേജിൽ തുലാംപറമ്പ് വടക്ക് മുറിയിൽ കൊപ്പാറതെക്കതിൽ വീട്ടിൽ സേതുലക്ഷ്മി, പി. ടിയാളുടെ ഭർത്താവ് രവീന്ദ്രൻ നായർ മരണപ്പെട്ടുപോയെന്നും വിവിധ ആവശ്യങ്ങൾക്ക് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ബോധിപ്പിച്ച അപേക്ഷയിന്മേൽ ഹരിപ്പാട് വില്ലേജാഫീസർ മുഖേന അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ ടിയിൽ രവീന്ദ്രൻ നായർ 3-12-2019-ൽ മരണപ്പെട്ടുപോയി എന്നും ഹിന്ദു പിൻതുടർച്ചാവകാശ നിയമപ്രകാരം പരേതന് താഴെ പറയുന്നവരാണ് അവകാശികളായിട്ടുള്ളതെന്നും അറിവായിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സേതുലക്ഷ്മി, പി. | ഭാര്യ | 57 |
| 2 | സിന്ധു ആർ. നായർ | മകൾ | 31 |
| 3 | രേവതി ആർ. നായർ | ,, | 27 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

ആകയാൽ ടിയിൽ പരേതനായ രവീന്ദ്രൻ നായരുടെ നിയമാനുസൃത അവകാശികൾ മേൽപ്പറഞ്ഞ മൂന്ന് പേർ മാത്രമാണെന്ന് കാണിച്ച് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കാർത്തികപ്പള്ളി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാർത്തികപ്പള്ളി. തഹശീൽദാർ.

## Cherthala Taluk

തിരുത്തൽ പരസ്യം

നമ്പർ എഫ്4-2277/2021. 2021 മാർച്ച് 15.

9-2-2021-ലെ കേരള ഗസറ്റ് നമ്പർ 6-ൽ (വാല്യം 10, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ 943, 944 പേജുകളിൽ ക്രമനമ്പർ 4-ൽ എഫ്4-2277/2021-ാം നമ്പരായി പ്രസിദ്ധീകരിച്ച പരസ്യത്തിലെ അഞ്ചാമത്തെ അവകാശിക്ക് പരേതയുമായുള്ള ബന്ധം 'മകൻ' എന്നതിനു പകരം "മരണപ്പെട്ട മകൻ വിനോദിന്റെ മകൾ" എന്നു തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
ചേർത്തല. തഹശീൽദാർ.

## Chengannur Taluk

പരസ്യം

(1)

നമ്പർ സി8-6656/2020. 2021 ജനുവരി 25.

ചെങ്ങന്നൂർ താലൂക്കിൽ കുരട്ടിശ്ശേരി വില്ലേജിൽ വിഷവർശ്ശേരിക്കര മുറിയിൽ ശാരദാലയം വീട്ടിൽ ബി. സത്യനാഥ് എന്നയാൾ 13-1-2015-ൽ മരിച്ചുപോയെന്നും ടിയാന്റെ പേരിലുള്ള വിവിധ ആവശ്യത്തിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ ടിയിൽ ശശികല, ജെ. സമർപ്പിച്ച അപേക്ഷയിൻമേൽ കുരട്ടിശ്ശേരി വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 13-1-2015-ാം തീയതി മരിച്ചുപോയതാണെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്നവരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശശികല, ജെ. | ഭാര്യ | 56 |
| 2 | സേതു എസ്. നാഥ് | മകൻ | 27 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതിനാലും ടി പരേതന് അവിവാഹിതരായ സഹോദരങ്ങളില്ലാത്തതിനാലും ടി ആനുകൂല്യം കൈപ്പറ്റുന്നതിന് മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചെങ്ങന്നൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.